**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3070** **11-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പരപ്പനങ്ങാടി റോഡ് വീതി കൂട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡിൽ പാണക്കാട് തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെ റോഡ് വീതി കൂട്ടുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇത് സംബന്ധിച്ച് എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഇ 7652276/2023/എം.ഐ.എൻ.(പി.ഡബ്ല്യു.ഡി.) നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ മലപ്പുറം-പരപ്പനങ്ങാടി റോഡിലെ പാണക്കാട് തങ്ങൾപടി മുതൽ മറ്റത്തൂർ വരെ (കി..മീ 4/400-4//900 വരെ) വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ (പാണക്കാട് ടൗൺ വികസനം), നിലവിലുള്ള മലപ്പുറം പരപ്പനങ്ങാടി റോഡ്, വീതി കൂട്ടൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത മലപ്പുറം-പരപ്പനങ്ങാടി റോഡ് വീതി കൂട്ടുന്നതിനുള്ള ലാന്റ് അക്വിസിഷന് 30/01/2016-ൽ 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പദ്ധതിയുടെ പ്രാഥമിക ഘട്ടമായി മറ്റത്തൂർ മുതൽ പാണക്കാട് വരെ കി.മീ 4./400-4./900 വരെ വീതി കൂട്ടുന്നതിന് പാണക്കാട് വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ നിന്നും 0.1042 ഹെക്ടർ ഭൂമിയിൽ 2013-ൽ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 08.02.2016 തീയതിയിൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. പദ്ധതിയുടെ ഭരണാനുമതി തുകയായ 2 കോടിയുടെ 5% കണ്ടിജൻസി ചാർജ്ജായും 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും (10 ലക്ഷം , 60 ലക്ഷ ആകെ 70 ലക്ഷം രൂപ മലപ്പുറം ജില്ല കളക്ടർക്ക് കൈമാറിയിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് 05/03./2016, 28./03/2016 എന്നീ തിയ്യതികളിൽ ജില്ലാ കലക്ടർ ഭൂവുടമകളുടെ യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ 4 ലക്ഷം രൂപയിൽ കുറഞ്ഞ വിലക്ക് ഭൂമി വിട്ടുതരാൻ തയ്യാറല്ലെന്ന് ഭൂവുടമകൾ അറിയിക്കുകയും ചെയ്തു. 20/12//2017 തിയ്യതിയിലെ ജില്ലാ കലക്ടറുടെ കത്ത് പ്രകാരം മേൽ പദ്ധതിക്കായി 0.1042ഹെക്ടർ ഭൂമിക്ക് പകരം 0.1196 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ മലപ്പുറത്തിന്റെ സ്ഥലപരിശോധന പ്രകാരം കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുകയും ആയത് |

| | | | |
|---|---|---|---|
| | | | പ്രകാരം 03.03.2018 തീയുതിയിൽ മഞ്ചേരി നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പുതിയ റിക്വസിഷൻ ജില്ലാ കലക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. 06/08./2018 -ലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം ഡയറക്ട് നെഗോഷ്യേറ്റ് പർച്ചേയ്സ് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി ഉത്തരവായിരുന്നു.<br><br>2017- 18 സാമ്പത്തിക വർഷാന്ത്യത്തിൽ കണ്ടിജൻസി ചാർജിനത്തിലും എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിലും മലപ്പുറം എൽ.എ. ജനറൽ സ്പെഷ്യൽ തഹസിൽദാരുടെ പേരിലുള്ള STSB അക്കൗണ്ടിൽ അടവാക്കിയ 70 ലക്ഷം രൂപ സർക്കാർ തിരിച്ചെടുത്തിരുന്നു. തുടർന്ന് ആയത് തിരികെ ലഭ്യമാക്കുന്നതിന് ജില്ലാ കലക്ടർ സർക്കാറിനെ സമീപിച്ചിരുന്നെങ്കിലും പൊതുമരാമത്ത് വകുപ്പ് ഒടുക്കിയിട്ടുള്ള തുക സർക്കാർ പിൻവലിച്ചത് തിരികെ നൽകാൻ ആകില്ല എന്നും പ്രസ്തുത റോഡ് വീതി കൂട്ടുന്നതിന് രൂപീകരിച്ച എൽ.എ യൂണിറ്റിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും വഹിക്കാമെന്നും അറിയിച്ചിരുന്നു. മേൽ പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികളുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുകയും എന്നാൽ വിദഗ്ധ സമിതിയുടെ അന്തിമ വിലയിരുത്തൽ തീയ്യതി മുതൽ 12 മാസത്തിനകം 11 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ LARR Act സെക്ഷൻ 14 പ്രകാരം സാമൂഹികാഘാത പഠന റിപ്പോർട്ട് (SIA) റദ്ദാക്കുകയും ചെയ്തു.<br><br>മേൽ സാഹചര്യത്തിൽ സ്ഥലമേറ്റെടുപ്പ് നടപടികളുമായി വീണ്ടും മുന്നോട്ട് പോകുന്നതിന് വിജ്ഞാപനം നടത്തേണ്ടതുണ്ട്. ആയതുപ്രകാരം 0.1196 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കണ്ടജൻസി ചാർജ്ജിനത്തിൽ 10 ലക്ഷം രൂപ അടവാക്കേണ്ടതായിട്ടുണ്ട്. മേൽ പ്രവൃത്തിക്കായിഅനുവദിച്ച 5054-04-331-80-NVഎന്ന ശീർഷകം ബഡ്ജറ്റിൽ ഇല്ലാത്തതിനാൽ പ്രവൃത്തിയുടെ സ്വഭാവം അനുസരിച്ച് അനുയോജ്യമായ ശീർഷകത്തിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് അടിയന്തരമായി റോഡ് വീതി കൂട്ടുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | റോഡ് വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുവാൻ പ്രദേശവാസികൾ തയ്യാറായിട്ടും | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത നടപടികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | പ്രസ്തുത റോഡിൽ അപകടങ്ങൾ പതിവായിട്ടുള്ള സാഹചര്യത്തിൽ റോഡ് വീതികൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ